# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2477 19.06.2013-ൽ മറുപടിക്ക്**

**നഗരങ്ങളിൽ മലിനജല നിർമ്മാർജ്ജന സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)<br>ശ്രീ.കെ.വി അബ്ദുൾ ഖാദർ<br>ശ്രീമതി. കെ.കെ. ലതിക | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരങ്ങളിൽ മലിനജല നിർമ്മാർജ്ജന സംവിധാനം ഏർ പ്പെടുത്താതിരുന്നതിന് സുപ്രിംകോടതി സർക്കാരിനെ വിമർശിച്ചിട്ടുണ്ടോ; എങ്കിൽ കോടതി ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കമോ; | (എ) സംസ്ഥാനത്തെ നഗരങ്ങളിൽ മലിനജല നിർമ്മാർജ്ജന സംവിധാനം ഏർ പ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട WP(C)No.34496/2009-മേൽ സംസ്ഥാനത്തെ അർബൻ ടൗണുകളിലും മലിനജല നിർമ്മാർജ്ജന സംവിധാനം ഏർ പ്പെടുത്തുവാൻ ബഹു. കേരള ഹൈക്കോടതി ഉത്തരവാകുകയുണ്ടായി. ഈ ഉത്തരവിൻ മേൽ ബഹു. സുപ്രിം കോടതിയിൽ അപ്പീൽ സമർപ്പിച്ച കേരള സർക്കാർ 2015 മാർച്ച് മാസത്തോടെ ഇക്കാര്യം നടപ്പിലാക്കുന്നതാണെന്ന് സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായി. ആയതിൻ മേൽ ബഹു. കോടതി വിമർശനങ്ങൾ ഒന്നും തന്നെ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | കോടതി ഉത്തരവിനെത്തുടർന്ന് എന്തെങ്കിലും നടപടി സ്വീകരിച്ചോ; | (ബി) & (സി) | മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (സി) | ഏതൊക്കെ നഗരങ്ങളിലാണ് മലിനജല നിർമ്മാർജ്ജന സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനായി നീക്കിവെച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശംവും അറിയിക്കാമോ? | | എന്നിരുന്നാലും ADB/JNNURM പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭയിൽ മലിനജല നിർമ്മാർജ്ജനത്തിന് 80 കോടി രൂപ മതിപ്പ് ചെലവുള്ള 107 എം.എൽ.ഡി ശേഷിയുള്ള സീവേജ് ട്രീറ്റ് മെന്റ് പ്ലാന്റ്(എസ്.ടി.പി.) പണി പൂർത്തിയായി സീവേജ് നെറ്റ് വർക്കിനു വേണ്ടി 2009 ൽ JNNURM പദ്ധതി പ്രകാരം 336 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. പമ്പ് ഹൗസുകൾക്കും പൈപ്പുകൾ ഇടുന്നതിനും ആവശ്യമായ സ്ഥലലഭ്യതയ്ക്കനുസരിച്ച് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ